G.O.(Rt) No.1897/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- WP(C) No. 18252/2019, WP(C) No 36306/2017, WP(C) No 37408/2017 എന്നിവയിൻമേലുള്ള ബഹു: ഹൈക്കോടതിയുടെ 06.04.2022 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt) No.1897/2022/LSGD തീയതി,തിരുവനന്തപുരം, 04-08-2022

പരാമർശം:-
1. മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.11.2015 ലെ സി/5692/2015 നമ്പർ കത്ത്.
2. WP(C) No. 18252/2019, WP(C) No 36306/2017, WP(C) No 37408/2017 എന്നിവയിൻമേലുള്ള ബഹു: ഹൈക്കോടതിയുടെ 06.04.2022 ലെ വിധിന്യായം.
3. ചീഫ് ടൗൺപ്ലാനറുടെ 11.07.2022 ലെ TCPCTP/1451/2022- E3 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. അലി പി കെ , ശ്രീ ലോനപ്പൻ എന്നിവർ ബഹു: ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 36306/17, 37408/2017, WP(C) No. 18252/2019 എന്നിവയിൻമേലുള്ള പരാമർശം(2) ലെ സംയുക്ത വിധിന്യായ പ്രകാരം, ടി കേസുകളിലെ ഒന്നാം കക്ഷി, മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ നൽകിയ പരാമർശം(1) കത്തിന്റെ (Ext P8) അടിസ്ഥാനത്തിൽ, വിധിപകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ WP(C) No. 18252/2019 ലെ രണ്ടാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. മാള ഗ്രാമ പഞ്ചായത്തിലെ കൊടകര-കൊടുങ്ങല്ലൂർ സംസ്ഥാന പാത വീതി കൂട്ടുന്നതിനായി സ്ഥലം വിട്ടുകൊടുത്തവരുടെ അവശേഷിക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കണമെന്ന ആവശ്യത്തിൻമേൽ ടി ഗ്രാമ പഞ്ചായത്ത് കൈക്കൊണ്ട ഭരണസമിതി തീരുമാനം സെക്രട്ടറി ശുപാർശ ചെയ്തു ലഭ്യമാക്കിയതാണ് പരാമർശം (1), Ext P8 കത്ത്.

3. ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം ചീഫ് ടൗൺപ്ലാനർ അഭിപ്രായം ലഭ്യമാക്കിയിരുന്നു. 2019 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അദ്ധ്യായം X-ൽ, റോഡ് വികസനത്തിനായി സൗജന്യമായി സ്ഥലം വിട്ടു കൊടുത്ത പ്ലോട്ടുകളിൽ നടത്തുന്ന നിർമ്മാണങ്ങൾക്ക് ബാധകമാകുന്ന ലഘൂകരിച്ച വ്യവസ്ഥകളെപ്പറ്റി പ്രതിപാദിച്ചതോടൊപ്പം, ഇത്തരത്തിൽ സ്ഥലം വിട്ടു കൊടുത്ത പ്ലോട്ടുകളിൽ പുതിയതായി നിർമ്മാണം നടത്തുമ്പോൾ റോഡ് അതിർത്തിയിൽ നിന്നും കുറഞ്ഞത്



Generated from eOffice by MANJU A.K, DYTPB CTP(RE)TVM, DYTPB CTP(RE)TVM, DTCP on 19/09/2022 10:58 am

3 മീറ്റർ അകലം പാലിക്കേണ്ടതാണ് എന്ന് ചട്ടം 64(2)(1) ലെ വ്യവസ്ഥയുണ്ടെന്നും, പക്ഷേ, റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിക്കേണ്ടി വരുന്ന അവസരത്തിൽ, റോഡിനോട് ചേർന്ന് വരുന്ന കെട്ടിടഭാഗത്ത് structural alteration ഇല്ലാതെ വാതിലോട്ട കൂടിയോ, അല്ലാതെയോ ചുമർ നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകാവുന്ന താണെന്ന് ചട്ടം 66 ൽ പ്രതിപാദിക്കുന്നുണ്ടെന്നും ആയതിനാൽ ഈ വിഷയത്തിൽ, നിലവിലെ കെട്ടിട നിർമ്മാണ ചട്ടപ്രകാരം കൊടകര - കൊടുങ്ങല്ലൂർ സംസ്ഥാന പാത വീതി കൂട്ടുന്നതിനായി സ്ഥലം വിട്ടു കൊടുത്ത പ്ലോട്ടുകളിൽ പുതിയ നിർമ്മാണം നടത്തുമ്പോൾ റോഡ് അതിർത്തിയിൽ നിന്നും 3 മീറ്റർ അകലം പാലിച്ചും നിലവിലെ കെട്ടിടം പൊളിച്ച ഭാഗത്ത് structural alteration ഇല്ലാതെ റോഡിനോട് ചേർത്തും ചുമർ നിർമ്മിക്കാവുന്നതാണെന്നും, ചീഫ് ടൗൺപ്ലാനർ അറിയിച്ചതിനോടൊപ്പം, ചട്ടം 62(3) പ്രകാരം "Government may either suomoto or at the request of the Panchayath concerned, formulate road widening scheme by free surrender of land with such conditions as it deems fit for the success of the scheme. It shall have overriding effect over other provisions of these rules: എന്നു വ്യക്തമാക്കിയിട്ടുള്ളതു പ്രകാരം, road widening നെ സംബന്ധിച്ച ഒരു Scheme, free surrender ചെയ്യുമ്പോൾ ലഭിക്കുന്ന exemptions ഏതൊക്കെ എന്നത് ഉൾപ്പെടെ തയ്യാറാക്കി ചില നിബന്ധനകൾക്ക് വിധേയമായി സർക്കാർ അനുമതി ലഭ്യമാക്കുന്ന കാര്യം കൂടി പരിഗണിക്കാമെന്നും അഭിപ്രായപ്പെട്ടിരുന്നു.

4. പരാമർശം(3) പ്രകാരമുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2019 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അദ്ധ്യായം X ൽ, റോഡ് വികസനത്തിനായി സൗജന്യമായി സ്ഥലം വിട്ടു കൊടുത്തവരുടെ ശേഷിക്കുന്ന പ്ലോട്ടുകളിൽ നടത്തുന്ന നിർമ്മാണങ്ങൾക്ക് ബാധകമാകുന്ന ലഘൂകരിച്ച വ്യവസ്ഥകൾക്ക് വിധേയമായി, കൊടകര - കൊടുങ്ങല്ലൂർ സംസ്ഥാന പാത വീതി കൂട്ടുന്നതിനായി സ്ഥലം വിട്ടു കൊടുത്തവരുടെ ശേഷിക്കുന്ന പ്ലോട്ടുകളിൽ പുതിയ നിർമ്മാണം നടത്തുമ്പോൾ റോഡ് അതിർത്തിയിൽ നിന്നും 3 മീറ്റർ അകലം പാലിച്ചും, നിലവിലെ കെട്ടിടം പൊളിച്ച ഭാഗത്ത് structural alteration ഇല്ലാതെയും റോഡിനോട് ചേർത്തും ചുമർ നിർമ്മിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം ഇത്തരത്തിൽ സൗജന്യമായി ഭൂമി വിട്ടുനൽകുന്നവരുടെ ശേഷിക്കുന്ന ഭൂമിയിലെ നിർമ്മാണങ്ങൾ സുഗമമായി നടപ്പാക്കുന്നതിന് ഉതകുന്ന വിധേന, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 62(3) ലെ വ്യവസ്ഥയ്ക്ക് വിധേയമായി സർക്കാരിന് ഒരു സ്കീം തയ്യാറാക്കുന്നതിനായി, റോഡ് വൈഡനിംഗ് സ്കീമുമായി ബന്ധപ്പെട്ട് സൗജന്യമായി സ്ഥലം വിട്ടു നൽകുമ്പോൾ ലഭിക്കേണ്ടുന്ന exemptions ഏതൊക്കെ ആവശ്യമാണ് എന്നത് ഉൾപ്പെടെ ചുവടെപ്പറയുന്ന നടപടികൾക്ക് വിധേയമായി പഞ്ചായത്ത് സെക്രട്ടറിക്ക് തയ്യാറാക്കി നൽകാവുന്നതാണ്.

1. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം പാസ്സാക്കുക.

2. ഇങ്ങനെ scheme തയ്യാറാക്കുന്നതിനു ചട്ടം 65 പ്രകാരമുള്ള ജില്ലാ തലത്തിലെ special committee യെ ഇക്കാര്യം ചുമതലപ്പെടുത്തേണ്ടതാണ്.

3. Scheme പഞ്ചായത്ത് committee യിൽ ചർച്ച ചെയ്ത് അന്തിമമാക്കുക

5. മേൽ പ്രസ്താവിച്ച പ്രകാരം ബഹു: ഹൈക്കോടതിയുടെ WP(C) No 36306/2017, WP(C) No 37408/2017, WP(C) No. 18252/2019, എന്നിവയിൻമേലുള്ള 06.04.2022 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

ശ്രീ ലോനപ്പൻ, ചെല്ലക്കടം ഹൗസ്, അമ്പലപ്പറമ്പ്, മാള പി.ഒ, തൃശ്ശൂർ.
ശ്രീ അലി പി കെ, പറമ്പൻ കണ്ടത്തിൽ ഹൗസ്, മാള, തൃശ്ശൂർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം, കേരളം(ആമുഖ കത്ത് സഹിതം).
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം.
സെക്രട്ടറി മാള ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 04-08-2022 15:05:46
സെക്ഷൻ ഓഫീസർ



Generated from eOffice by MANJU A.K, DYTPB CTP(RE)TVM, DYTPB CTP(RE)TVM, DTCP on 19/09/2022 10:58 am